*➪ എല്ലാവരും നിർബന്ധമായും എഴുന്നേറ്റു നിൽക്കേണ്ടതുണ്ടോ? ➪*

# മനുഷ്യനും രാഷ്ട്രവും

എപ്പോഴാണോ ഒരു രാഷ്ട്രം അതിന്റെ പ്രഖ്യാപിത ഉദ്ദേശങ്ങൾ ഉറപ്പുവരുത്തുന്നതിൽ പരാജയപ്പെടുന്നത്, എപ്പോഴാണോ അത് പൊതുനന്മയെ പ്രതിനിധീകരിക്കുന്നതിൽ പരാജയപ്പെടുന്നത്, അപ്പോൾ അതിന്റെ പൗരന്മാർക്ക് ആ സാമൂഹിക ഉടമ്പടിയിൽനിന്നു പിൻവാങ്ങാനുള്ള, തങ്ങളുടെ പരമാധികാരം തിരിച്ചെടുക്കാനുള്ള എല്ലാ അവകാശവുമുണ്ട്.

**ശ്യാം ബാലകൃഷ്ണൻ**

**തിരുവനന്തപുരത്ത്** നടന്ന അന്താരാഷ്ട്ര ചലച്ചിത്രമേളയിലെ (2016) സിനിമാപ്രദർശനത്തിനു മുമ്പുള്ള ദേശീയഗാനാലാപന വേളയിൽ, എഴുന്നേറ്റു നിൽക്കാതിരുന്ന, പോലീസുകാരനും മേള ചെയർമാൻതന്നെയും ആവശ്യപ്പെട്ടിട്ടും എഴുന്നേൽക്കാൻ വിസ്സമതിച്ച, പ്രിയ സുഹൃത്തുക്കളെകുറിച്ച് സന്തോഷവും അഭിമാനവുമുണ്ട്. വാസ്തവത്തിൽ, ദേശീയഗാനം ആലപിക്കുമ്പോൾ എല്ലാവരും നിർബന്ധമായും എഴുന്നേറ്റു നിൽക്കേണ്ടതുണ്ടോ?

രണ്ടായിരം വർഷങ്ങൾക്കു മുമ്പ് യേശുവും ശിഷ്യരും ഗ്രാമങ്ങളിലൂടെ സഞ്ചരിക്കുന്ന ഒരു സന്ദർഭം. നീണ്ടയാത്രകൊണ്ടു വിശന്നുവലഞ്ഞ ശിഷ്യർ, അവർ പോകുന്ന വഴിയിൽ വിളഞ്ഞു നിന്നിരുന്ന ധാന്യമണികൾ കൊറിച്ചുതിന്നു. അതൊരു സാബത്ത് ദിനമായിരുന്നു; ജൂതന്മാർ പ്രാർത്ഥനയ്ക്കും ഉപവാസത്തിനുമായി നിശ്ചയിച്ചിട്ടുള്ള ദിനം. അന്നത്തെ 'പണ്ഡിതർ' ഈ 'നിയമലംഘനം' വലിയ പ്രശ്നമാക്കി. അവരുണ്ടാക്കിയ ഒച്ചപ്പാടുകൾക്ക് മറുപടിയായി യേശു ഉന്നയിച്ച ചോദ്യമിതാണ്: 'മനുഷ്യൻ സാബത്തിനു വേണ്ടിയാണോ? അതോ, സാബത്ത് മനുഷ്യനു വേണ്ടിയാണോ?' സമാനമായ ചോദ്യംതന്നെയാണ് ദേശീയഗാനവുമായി ബന്ധപ്പെട്ട പ്രശ്നത്തിലും ഉന്നയിക്കപ്പെടേണ്ടത്: കഷ്ടി രണ്ടുനൂറ്റാണ്ടു മാത്രം ആയുസ്സുള്ള ദേശരാഷ്ട്രമെന്ന ഒരു സംവിധാനത്തിനു വേണ്ടിയാണോ മനുഷ്യൻ?!

നാം ഇന്നു കാണുന്ന, സ്വാതന്ത്ര്യം-സമത്വം-സാഹോദര്യം തുടങ്ങിയ ആദർശങ്ങൾ പ്രഖ്യാപിത ലക്ഷ്യങ്ങളായുള്ള ദേശരാഷ്ട്ര സങ്കൽപ്പം ഫ്രഞ്ചുവിപ്ലവത്തെതുടർന്നാണ് സ്ഥാപനവൽകരിക്കപ്പെടുന്നത്. ഈ സംവിധാനത്തിന്റെ സൈദ്ധാന്തികസത്ത പ്രധാനമായും രൂപംകൊള്ളുന്നത് റൂസ്സോയിൽനിന്നാണ്. ആ റൂസ്സോയുടെ സുചിന്തിതമായ അഭിപ്രായം 'മനുഷ്യൻ ജന്മനാൽ സ്വതന്ത്രനാണെ'ന്നാണ്. തനിക്കുതാൻപോന്ന, പരമാധികാരിയായ (sovereign), ആ മനുഷ്യനെ ശ്രേഷ്ഠനായ കാട്ടാളൻ (noble savage) എന്നാണ് റൂസ്സോ വിളിക്കുന്നത്. ഈ മനുഷ്യൻ, വന്യമായ പ്രകൃതിയിലെ തന്റെ സുഗമമായ ജീവിതത്തിനു കൂടുതൽ അനുയോജ്യമെന്നുകണ്ട് സമാനചിന്താഗതിക്കാരായ മറ്റു പരമാധികാരികളോട് ഒത്തുചേർന്ന് ഒരു ഉടമ്പടിയുണ്ടാക്കുന്നു (social contract). ഈ ഉടമ്പടിയിലൂടെയാണ് പൗരന്മാർ ഉണ്ടാകുന്നത്. ഈ ഉടമ്പടിതന്നെയാണ് എല്ലാ ഭരണസംവിധാനത്തിന്റെയും അടിസ്ഥാനവും. ഇന്ത്യൻ ഭരണഘടനയും അത്തരത്തിലുള്ള ഒരു ഉടമ്പടിയാണ്. (ജനങ്ങൾ ത

⇨ 'സോഷ്യൽ കോൺട്രാക്റ്റ്' എന്ന കൃതിയിൽ റൂസ്സോ മറ്റു ചില കാര്യങ്ങളും പറയുന്നുണ്ട് ⇨



ങ്ങൾക്കുതന്നെ ഈ ഭരണഘടന നൽകുന്നുവെന്നു പറഞ്ഞാണ് ഇന്ത്യൻ ഭരണഘടനയുടെ ആമുഖം അവസാനിക്കുന്നത്). മുമ്പു സൂചിപ്പിച്ചതുപ്പോലെ, മനുഷ്യർക്ക്, നീതി–സ്വാതന്ത്ര്യം–സമത്വം–സാഹോദര്യം തുടങ്ങിയവ ഉറപ്പുവരുത്തുകയാണ് ഇന്ത്യൻ ഭരണഘടനയുടേയും ലക്ഷ്യം. ഈ ലക്ഷ്യസാക്ഷാത്കാരത്തിനുള്ള ഒരു ഉപാധി മാത്രമാണ് രാഷ്ട്രം.

തന്റെ 'സോഷ്യൽ കോൺട്രാക്റ്റ്' എന്ന കൃതിയിൽ റൂസ്സോ മറ്റു ചില കാര്യങ്ങളും പറയുന്നുണ്ട്: കൂട്ടായ ഉടമ്പടിയിലൂടെ പ്രകൃത്യാൽ പരമാധികാരികളായ മനുഷ്യർ തങ്ങളുടെ പരമാധികാരം രാഷ്ട്രത്തിനു (community) സമർപ്പിക്കുന്നു. വ്യക്തികളുടെ ദീർഘദൃഷ്ടിയില്ലാത്ത, സ്വകാര്യ–സ്വാർത്ഥ താൽപ്പര്യങ്ങൾക്കുപരിയായി, രാഷ്ട്രം എല്ലായ്പ്പോഴും ദീർഘദൃഷ്ടിയോടെ, പൊതുനന്മയെപ്രതി, മുന്നോട്ടുപോകുമെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് മനുഷ്യർ തങ്ങളുടെ പരമാധികാരം ഈവിധം രാഷ്ട്രത്തിനു സമർപ്പിക്കുന്നത്. ഇങ്ങനെ ഓരോരുത്തരും തന്നെ എല്ലാവർക്കുംവേണ്ടി സമർപ്പിക്കുന്നതിലൂടെ (One for All), എല്ലാവരും ഓരോരുത്തർക്കും വേണ്ടി (All for One) നിലകൊള്ളുന്ന ഒരു സംവിധാനം നിലവിൽവരുന്നു. എപ്പോഴാണോ ഒരു രാഷ്ട്രം അതിന്റെ പ്രഖ്യാപിത ഉദ്ദേശങ്ങൾ ഉറപ്പുവരുത്തുന്നതിൽ പരാജയപ്പെടുന്നത്, എപ്പോഴാണോ അത് പൊതുനന്മയെ പ്രതിനിധീകരിക്കുന്നതിൽ പരാജയപ്പെടുന്നത്, അപ്പോൾ അതിന്റെ പൗരന്മാർക്ക് ആ സാമൂഹിക ഉടമ്പടിയിൽനിന്നു പിൻവാങ്ങാനുള്ള, തങ്ങളുടെ പരമാധികാരം തിരിച്ചെടുക്കാനുള്ള എല്ലാ അവകാശവുമുണ്ട്. എന്നല്ല, പൊതുനന്മയ്ക്കായി നിലകൊള്ളുന്ന ഓരോ മനുഷ്യന്റെയും ധാർമ്മികബാധ്യതതന്നെയാണത്. മനുഷ്യൻ അനിവാര്യമായും കൂട്ടായി ജീവിക്കുന്ന ഒരു ജീവിയായതിനാൽ, പരമാധികാരം വീണ്ടെടുത്ത മനുഷ്യർക്ക്, അപചയം സംഭവിച്ച സംഘാടകസംവിധാനത്തിനു പകരം മറ്റൊന്നിനു രൂപംകൊടുക്കേണ്ടിയും വരും; ദാർശനികമായ പിഴവുകളിൽ നിന്നും, ചരിത്രപരമായ മണ്ടത്തരങ്ങളിൽനിന്നും പഠിച്ചുകൊണ്ടുതന്നെ.

സ്വകാര്യതാൽപ്പര്യാധിഷ്ഠിതവും അതിനാൽ മത്സരാധിഷ്ഠിതവും, ചൂഷണാധിഷ്ഠിതവുമായ, കമ്പോളത്തെ ആശ്രയിച്ചുമാത്രം നിലനിൽക്കാനാകുന്ന ആധുനിക ദേശരാഷ്ട്ര സംവിധാനത്തിന് പൊതുനന്മയെ പ്രതിനിധീകരിക്കാനുള്ള ശേഷിയില്ലായ്മ, അതിന്റെ 'വികസന'പ്രവർത്തനങ്ങളിലൂടെ വെളിപ്പെടുന്ന അതിന്റെ ഹ്രസ്വദൃഷ്ടി, ഇന്ന് ചിന്തിക്കുന്ന മനുഷ്യർക്കെല്ലാം സുവ്യക്തമായിരിക്കേണ്ടതാണ്. കാലഹരണപ്പെട്ട രാഷ്ട്രമെന്ന ഉപാധിയെ അഹിംസാത്മകമായും ആസൂത്രിതമായും കയ്യൊഴിയുകയും, അതിനനുസൃതമായി സ്വാതന്ത്ര്യം–സമത്വം–സഹോദര്യമെന്ന നമ്മുടെ അനാദിയായ ആദർശങ്ങളെ സാക്ഷാത്കരിക്കുവാൻപോന്ന സംഘാടക സംവിധാനങ്ങളെ നാം പുനരാവിഷ്കരിക്കേണ്ടിയുമിരിക്കുന്നു. കൂടാതെ, എപ്പോഴൊക്കെ രാഷ്ട്രം അതിന്റെ അധികാരത്തെ സവിശേഷസന്ദർഭങ്ങളിൽ ദുർവിനിയോഗം ചെയ്യുന്നുവോ അപ്പോഴൊക്കെ നാം അതിനെ വെളിപ്പെടുത്തേണ്ടതും നിസ്സംശയം പരാജയപ്പെടുത്തേണ്ടതുമാണ്. ദേശീയഗാനം നിർബന്ധമായും അടിച്ചേൽപ്പിക്കുന്ന ഭരണകൂടനടപടിയും, അത്തരത്തിലൊരു നിലപാട് ആവശ്യപ്പെടുന്നതുതന്നെയാണ്.

ചിന്താഗതി എന്തുമാകട്ടെ, അതിനു സന്നദ്ധരായ സുഹൃത്തുക്കൾക്ക് സ്നേഹം നിറഞ്ഞ അഭിവാദ്യങ്ങൾ...

"ഞാൻ എന്റെ ഔന്നത്യത്തിൽനിന്നും
താഴെയുള്ള രാഷ്ട്രങ്ങളെ നോക്കുന്നു
എന്റെ മുന്നിൽ അവ വെണ്ണീറാകുന്നു
മുകിലുകൾക്കിടയിലെ എന്റെ വാസം
ശാന്തമത്രേ
എന്റെ വിശ്രാന്തിയുടെ മഹത്തായ
ഇടങ്ങൾ സ്വച്ഛവും"

(Poems of Ossian by James macpherson (1790). Later qutoed by Henry David Thoreu) ■